**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 68** **09-10-2024 - ൽ മറുപടിയ്ക്ക്**

**ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമിയിൽ കയ്യേറ്റങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്, ഡോ. മാത്യു കുഴൽനാടൻ, ശ്രീ. സനീഷ്കുമാർ ജോസഫ്, ശ്രീമതി ഉമ തോമസ് | | ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമി, മാഫിയകൾ കയ്യേറുന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | **ഉണ്ട്. അട്ടപ്പാടി മേഖലയിൽ കൈയ്യേറ്റം സംബന്ധിച്ച പരാതികൾ അട്ടപ്പാടി പ്രോജക്ട് ഓഫീസർക്ക് ലഭിക്കുകയും അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി പാലക്കാട് ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമിയിൽ അനധികൃത കയ്യേറ്റങ്ങൾ നടക്കുന്നില്ലെന്ന് ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | **ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമിയിൽ അനധികൃത കൈയ്യേറ്റം ഉണ്ടായാൽ യഥാസമയം അക്കാര്യം ജില്ലാ ഭരണകൂടത്തിന്റെയും ബന്ധപ്പെട്ട വകുപ്പുകളുടെയും ശ്രദ്ധയിൽപ്പെടുത്തി നടപടി സ്വീകരിക്കുന്നു.**<br><br>**പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫീൽഡ്തല ഉദ്യോഗസ്ഥർ, എസ്.റ്റി. പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവർ മുഖേന പട്ടികവർഗ്ഗക്കാർക്കിടയിൽ ഇതിനെതിരെ ബോധവത്ക്കരണവും നടത്തുന്നുണ്ട്.**<br><br>**1999-ലെ കെ.എസ്.റ്റി ആക്ട് പ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ഭൂമിയുടെ അവകാശം സംരക്ഷിക്കുന്നതിനായി ഭൂമി കൈമാറ്റം നിയന്ത്രിക്കുവാനും അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ച് നൽകുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ റവന്യൂ വകുപ്പ് മുഖേന നടപടി സ്വീകരിച്ചുവരുന്നു.** |
| (സി) | അനധികൃത ഭൂമി കയ്യേറ്റങ്ങൾ തടയുന്നതിനും ആദിവാസി ഭൂമി അർഹതപ്പെട്ടവർക്ക് തിരികെ ലഭിക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ഒരു കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | **നിലവിൽ വകുപ്പിന്റെ പരിഗണനയിലില്ല.** |

സെക്ഷൻ ഓഫീസർ